سورة الكوثر

# 108. സൂറത്തുൽ കൗഥർ

മക്കഃയിൽ അവതരിച്ചത് – വചനങ്ങൾ 3

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

**പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

إِنَّآ أَعۡطَيۡنَٰكَ ٱلۡكَوۡثَرَ ﴿١﴾

**《1》 നിശ്ചയമായും നാം നിനക്ക് ധാരാളം (നന്മകൾ) നൽകിയിരിക്കുന്നു.**

فَصَلِّ لِرَبِّكَ وَٱنۡحَرۡ ﴿٢﴾

**《2》 ആകയാൽ, നിന്റെ റബ്ബിന് നീ നമസ്കരിക്കുകയും (ബലി) അറുക്കുകയും ചെയ്യുക.**

إِنَّ شَانِئَكَ هُوَ ٱلۡأَبۡتَرُ ﴿٣﴾

**《3》 നിശ്ചയമായും, നിന്നോട് വിദ്വേഷം വെക്കുന്നവൻ തന്നെയാണ് വാലറ്റവൻ [ഭാവിയില്ലാത്തവൻ].**

---

《1》 إِنَّا أَعْطَيْنَاكَ നിശ്ചയമായും നാം നിനക്ക് നൽകി, തന്നു ٱلۡكَوۡثَرَ ധാരാളമായത്, വളരെ നന്മ, കൗഥർ' 《2》 فَصَلِّ ആകയാൽ നീ നമസ്കരിക്കുക لِرَبِّكَ നിന്റെ റബ്ബിന് وَانْحَرْ അറുക്കുകയും (മൃഗബലി കൊടുക്കുകയും) ചെയ്യുക 《3》 إِنَّ شَانِئَكَ നിശ്ചയമായും നിന്നോട് ഈർഷ്യത (പക- വിദ്വേഷം) കാണിക്കുന്നവൻ هُوَ അവൻ തന്നെ الأَبْتَرُ (വാല്) അറ്റവൻ, മുറിഞ്ഞുപോയവൻ (ഭാവി നഷ്ടപ്പെട്ടവൻ)

---

ٱلۡكَوۡثَرَ (കൗഥർ) എന്നാൽ 'ധാരാളമുള്ളത്', ധാരാളമായ നന്മ, വലിയ ധർമിഷ്ടൻ' എന്നൊക്കെ അർത്ഥമാകുന്നു. ഇബ്നു അബ്ബാസ്, ഇക്‌രിമഃ, സഈദുബ്നു ജുബൈർ, മുജാഹിദ്, ഹസൻ ബസ്വരീ (റ) മുതലായ പലരും الخير الكثير (ധാരാളമായ നന്മ) എന്നാണ് ഇവിടെ അർത്ഥം കൽപിച്ചിരിക്കുന്നത്. ഇഹത്തിൽവെച്ചും പരത്തിൽവെച്ചും നബി ﷺ ക്ക് അല്ലാഹു ചെയ്തുകൊടുത്ത അനുഗ്രഹങ്ങൾ ധാരാളക്കണക്കിലുണ്ടെന്ന് പറയേണ്ടതി

ല്ലല്ലോ. സ്വർഗത്തിൽ അല്ലാഹു നബി തിരുമേനിﷺക്ക് നൽകുന്ന 'ഹൗദ്വുൽ കൗഥർ' (الحَوْضُ الكَوْثَر) എന്ന അരുവി -അല്ലെങ്കിൽ തടാകം- ആണ് അതുകൊണ്ടുദ്ദേശ്യമെന്നും പല മഹാൻമാരും പ്രസ്താവിച്ചിട്ടുണ്ട്. ഇബ്നുകഥീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ, ഇതും ഇതല്ലാത്തതും അടക്കം അല്ലാഹു നബിﷺക്ക് നൽകിയ എല്ലാ അനുഗ്രഹങ്ങളും ആ വാക്കിൽ അടങ്ങുന്നുവെന്ന് വെക്കുന്നതിനാണ് കൂടുതൽ ഔചിത്യം കാണുന്നത്. ആ കണക്കറ്റ അനുഗ്രഹങ്ങളിൽ പ്രധാനമായ ഒന്നാണ് 'ഹൗദ്വുൽ കൗഥർ' എന്നുള്ളതിൽ സംശയമില്ല.

ആഇശഃ (റ)യോട് إِنَّا أَعْطَيْنَاكَ الْكَوْثَرَ (നിനക്ക് നാം 'കൗഥർ' നൽകിയിരിക്കുന്നു) എന്ന വചനത്തെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ, 'അത് നിങ്ങളുടെ നബിക്ക് (സ്വർഗത്തിൽ) നൽകപ്പെട്ടിട്ടുള്ള അരുവിയാണ്' എന്ന മറുപടി പറഞ്ഞതായി ഇമാംബുഖാരീ (റ) ഉദ്ധരിച്ചിരിക്കുന്നു. റസൂൽﷺ പറഞ്ഞതായി ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു: 'എന്റെ 'ഹൗദ്' ഒരു മാസത്തെ വഴി അകലമുള്ളതാണ്. അതിന്റെ ഭാഗങ്ങൾ സമമാണ്, (സമചതുരത്തിലാണ്.) അതിലെ വെള്ളം പാലിനെക്കാൾ വെള്ളയായതും, അതിന്റെ വാസന കസ്തൂരിയെക്കാൾ നല്ലതും, അതിലെ കൂജ (പാനപാത്രം)കൾ ആകാശത്തെ നക്ഷത്രങ്ങൾ കണക്കെയുള്ളതുമാകുന്നു. അതിൽനിന്ന് ആരെങ്കിലും കുടിക്കുന്നപക്ഷം അവന് ഒരു കാലത്തും ദാഹം ഉണ്ടാകുകയില്ല.' (ബു; മു.) വേറെയും ഹദീഥുകൾ 'ഹൗദ്വുൽ കൗഥറി'നെ സംബന്ധിച്ച് വന്നിരിക്കുന്നു. സ്ഥലദൈർഘ്യം ഭയന്നു കൂടുതൽ ഉദ്ധരിക്കുന്നില്ല. നബിﷺക്ക് ശേഷം മതത്തിൽ അനാചാരങ്ങൾ ഉണ്ടാക്കിത്തീർത്തവർക്ക് അതിൽനിന്ന് കുടിക്കുവാൻ സാധിക്കുന്നതല്ലെന്ന് ബുഖാരി (റ) ഉദ്ധരിച്ച വേറെ ഒരു ഹദീഥിൽ വന്നിട്ടുള്ളത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാകുന്നു.

മറ്റുള്ള പ്രവാചകൻമാർക്ക് ലഭിച്ചതുപോലെയുള്ള അനുഗ്രഹങ്ങൾക്ക് പുറമെ നബി തിരുമേനിﷺക്ക് പ്രത്യേകമായി ഇഹത്തിലും പരത്തിലും അല്ലാഹു നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ നിരവധിയാണ്. അതുകൊണ്ട് അതിന് നന്ദിയായി നമസ്കാരകർമവും, ബലികർമവും നിർവ്വഹിക്കണമെന്ന് ഈ സൂറത്ത് മുഖേന അല്ലാഹു തിരുമേനിക്ക് ഉപദേശം നൽകുന്നു. ഈ ഉപദേശം നബി തിരുമേനിﷺ വേണ്ടും വണ്ണം സ്വീകരിച്ചുവന്നിട്ടുണ്ട് താനും. രാത്രിയിൽ അധികം സമയം നിന്ന് നമസ്കരിക്കുന്നതുമൂലം അവിടുത്തെ കാലിൽ നീരുകെട്ടിപ്പോകുമായിരുന്നു. അവിടുത്തെ പാപങ്ങൾ അല്ലാഹു പൊറുത്തുതന്നിരിക്കെ ഇത്രത്തോളം വിഷമിക്കുന്നത് എന്തിനാണെന്ന് ആഇശഃ (റ) ചോദിച്ചപ്പോൾ 'ഞാൻ ഒരു നന്ദിയുള്ള അടിമ ആകേണ്ടതല്ലേ?!' എന്നായിരുന്നു അവിടുന്ന് മറുപടി പറഞ്ഞത്. നമസ്കാരം വർദ്ധിപ്പിക്കുന്നതിൽ തിരുമേനിക്കുണ്ടായിരുന്ന അതീവ താൽപര്യം പ്രസിദ്ധമാണ്. മൃഗബലി നടത്തുന്ന കാര്യത്തിലും തിരുമേനി മുൻപന്തിയിൽ തന്നെയായിരുന്നു. വലിയ പെരുന്നാളിലും, ഹജ്ജിന്റെയും ഉംറഃയുടെയും അവസാനത്തിലും ധാരാളം ബലികർമം നടത്തുക അവിടുത്തെ പതിവായിരുന്നു.

നബി തിരുമേനിﷺക്ക് അവിടുത്തെ പ്രബോധന സംരംഭത്തിൽനിന്ന് പിൻതിരിപ്പിക്കുവാൻ തങ്ങൾ പ്രയോഗിക്കുന്ന എല്ലാ അടവുകളും പരാജയപ്പെടുന്നതിൽ ക്ഷുഭിതരായ ശത്രുക്കൾ തിരുമേനിയെക്കുറിച്ച് പലതും പറഞ്ഞുകൊണ്ടിരിക്കും. അക്കൂട്ടത്തിൽ, 'മുഹമ്മദ് അധികം താമസിയാതെ മരണമടയും, അതോടെ ഈ പുത്തൻ പ്രസ്ഥാനവും നശിച്ചുകൊള്ളും, അവന് ആൺമക്കൾ ജീവിക്കുന്നില്ല. അതുകൊണ്ട് അവന്റെ പ്രാതിനിധ്യം ഏറ്റെടുക്കുവാൻ ആളുണ്ടാകുകയില്ല, ആകയാൽ അവന് ഇവിടെ ഭാവിയില്ല' എന്നൊക്കെപ്പറഞ്ഞ് അവർ കൃതാർത്ഥത അടയും. ഇവരെക്കുറിച്ചാണ് അവസാനത്തെ

സൂക്തത്തിൽ പ്രസ്താവിക്കുന്നത്. യഥാർത്ഥത്തിൽ സംഭവിക്കുവാൻ പോകുന്നത് നേരെ മറിച്ചാണ്, നബിﷺയോട് വിദ്വേഷവും പകയും വെച്ചുപുലർത്തുന്ന അക്കൂട്ടരാണ് വാലറ്റക്കാർ, അവർക്കാണ് പിന്തുടർച്ചയില്ലാത്തത്, അവരുടെ പേരും പ്രശസ്തിയുമാണ് നശിക്കാൻ പോകുന്നത്. നബിﷺയുടെ പിന്തുടർച്ചയും സ്മരണയും പ്രശസ്തിയുമെല്ലാം തന്നെ ലോകാവസാനം വരെ നിലനിൽക്കാതിരിക്കയില്ല എന്നൊക്കെയാണ് അവസാനത്തെ വചനത്തിൽ സൂചിപ്പിക്കുന്നത്. സംഭവിച്ചതും അങ്ങനെത്തന്നെ. والله اعلم

﴾ولله الحمد والمنة﴿